"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ത.സ്വ.ഭ.വ-ലൈഫ് മിഷൻ-ജില്ലാ കോർഡിനേറ്റർമാരായ ശ്രീ. സജീന്ദ്ര ബാബു, ശ്രീ. ലിൻസ് ഡേവിഡ് എന്നിവരുടെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt)No.2271/2020/LSGD തീയതി,തിരുവനന്തപുരം, 03/12/2020

---

പരാമർശം:- 1 സ.ഉ.( സാധാ) നം.796/2018/ തസ്വഭവ തീയതി 24/03/2018.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30/05/2019, 26/10/2019, 19/3/2020 തീയതികളിലെ എൽ.എഫ് 10/2017/ലൈഫ് നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ലൈഫ് മിഷനിൽ, തിരുവനന്തപുരം , തൃശ്ശൂർ എന്നീ ജില്ലകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ പരാമർശം (1) പ്രകാരം സേവനമനുഷ്ഠിക്കുന്ന ജില്ലാ കോർഡിനേറ്റർമാരായ ശ്രീ. സജീന്ദ്ര ബാബു, ശ്രീ. ലിൻസ് ഡേവിഡ് എന്നിവരുടെ സേവനകാലാവധി 08-04-2019, 10-4-2019 എന്നീ തീയതികളിൽ അവസാനിച്ചിരുന്നു. അവരുടെ അപേക്ഷകൾ യഥാക്രമം 15.3.2019 ലും 19.3.2019 ലും ലഭിച്ചിരുന്നു എന്നും എന്നാൽ ലൈഫ് മിഷനിൽ ജീവനക്കാരുടെ അഭാവം മൂലമാണ് സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായത് എന്നും മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്ന ജീവനക്കരാകയാലും, ലൈഫ് ജില്ലാതല പ്രവർത്തനങ്ങൾക്ക് ടിയാളുകളുടെ സേവനം വളരെ അനിവാര്യമാകയാലും, സേവന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ബഹു. സർക്കാരിൽ സമർപ്പിക്കുന്നതിൽ മന:പൂർവ്വം അല്ലാതെയുണ്ടായ കാലതാമസം മാപ്പാക്കണമെന്നാണ് ലൈഫ് മിഷൻ പരാമർശിത കത്തുകളിലൂടെ ആവശ്യപെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ ജീവനക്കാരിൽ നിന്നുണ്ടായ ഉപേക്ഷ മൂലമല്ല സർക്കാരിൽ അപേക്ഷ ലഭിക്കാൻ താമസിച്ചത് എന്നും ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് മാത്രം ഡെപ്യൂട്ടേഷൻ അനുവദിച്ചാൽ തങ്ങളുടേതല്ലാത്ത കുറ്റത്തിന് മേൽ ജീവനക്കാർക്ക് സർവീസ് ബ്രേക്ക് ഉണ്ടാകും എന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ ലൈഫ് മിഷന്റെ മേൽ ആവശ്യം ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് ശ്രീ. സജീന്ദ്ര ബാബുവിന് 09.04.2019 മുതലും, ശ്രീ. ലിൻസ് ഡേവിസിന് 11.04.2019 മുതലും ഒരു വർഷത്തേക്ക് അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി കാലാവധിയ്ക്ക് ശേഷമുള്ള അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിയ്ക്കുന്നതിനായി അപേക്ഷ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിൽ അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
ശ്രീ. സജീന്ദ്ര ബാബു(ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ മുഖാന്തിരം).

ശ്രീ. ലിൻസ് ഡേവിഡ്(ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ മുഖാന്തിരം).

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2020.12.07 15:08:30 IST
Reason: Approved
സെക്ഷൻ ഓഫീസർ